# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.411

## 08-08-2017 ൽ മറുപടിക്ക്

## കോതമംഗലം - പെരുമ്പൻകത്ത് റോഡ്

| ചോദ്യം<br>ശ്രീ. ആന്റണി ജോൺ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2016-17 ബഡ്ജറ്റിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി കോതമംഗലം - പെരുമ്പൻകത്ത് റോഡിന് 15 കോടി രൂപയുടെ ഭരണാനുമതി ലഭ്യമായിരുന്നതിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ; | പ്രസ്തുത പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് നാളിതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. |
| (ബി) പ്രസ്തുത പ്രവൃത്തി വേഗത്തിലാക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ? | കിഫ്ബിക്ക് പദ്ധതികൾ സമർപ്പിക്കുവാനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച്, വിശദമായ പദ്ധതി അവലോകന റിപ്പോർട്ട്, കോസ്റ്റ് ബെനഫിറ്റ് അനാലിസിസ് തുടങ്ങിയ രേഖകൾ കിഫ്ബിക്ക് ഓൺലൈനായും, ഓഫ് ലൈനായും സമർപ്പിക്കുന്ന പദ്ധതികൾ കിഫ് ബോർഡ് അപ്രൈസൽ വിഭാഗം പരിശോധിക്കുകയും, കിഫ്ബി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ യോഗ്യമായവ ബോർഡിന്റെ പരിഗണനയ്ക്ക് സമർപ്പിക്കപ്പെടുകയും ചെയ്യും. കിഫ്ബിയുടെ ഭാഗത്തു നിന്നും പദ്ധതികൾ അവലോകനം, അംഗീകാരം തുടങ്ങിയ നടപടികൾക്ക് തടസ്സങ്ങൾ യാതൊന്നുമില്ല. ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളുടെ ഡി.പി.ആർ മറ്റും സമർപ്പിക്കുന്നതിന് ബന്ധപ്പെട്ട ഭരണവകുപ്പുമായി കിഫ് ബോർഡ് അവലോകന യോഗങ്ങൾ, കൺസൾട്ടേഷൻസ് എന്നിവ നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ